# കേരള സർവകലാശാല

നം.പി.ആർ.218/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ രണ്ടാം സെമസ്റ്റർ സംസ്കൃതം (കാര്യവട്ടം), ഇക്കണോമിക്സ് (കാര്യവട്ടം), അറബിക് (യൂണിവേഴ്സിറ്റി കോളേജ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ബിബിന സി.ബി (രജി.നം LIS 140509) ഒന്നാം റാങ്ക് നേടി.

### എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റുമായി നവംബർ 19 മുതൽ 25 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

### എം.എസ്സി സുവോളജി പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി സുവോളജി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 21 മുതൽ അതത് കേന്ദ്രങ്ങളിൽ തുടങ്ങും. ടൈംടൈബിൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി ഫിസിക്സ് പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 21 മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടൈബിൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്നും ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. നിശ്ചിത ഫോറം സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം അപേക്ഷ

സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ അഞ്ച്. ഫോൺ. 0472-2867555, 7293973530.

## എം.ടെക് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ അവസാന സെമസ്റ്റർ എം.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ് ബ്രാഞ്ച് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഹോട്ടൽ മാനേജ്മെന്റ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂൺ/ജൂലൈയിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ ബി.കോം ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 21, 22 തീയതികളിൽ വർക്കല എസ്.എൻ കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് ടൈംടേബിൾ

കേരള സർവകലാശാല നവംബർ/ഡിസംബറിൽ നടത്തുന്ന ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് സെമസ്റ്റർ ബി.പി.എഡ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി മേഴ്സി ചാൻസ്

കേരള സർവകലാശാല മൂന്നാം വർഷ എൽ.എൽ.ബി (2008 അഡ്മിഷൻ), അഞ്ചാം വർഷ എൽ.എൽ.ബി (2006 അഡ്മിഷൻ) വിദ്യാത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിച്ചു.

രണ്ടാം സെമസ്റ്റർ (ത്രിവത്സരം), ആറാം സെമസ്റ്റർ (പഞ്ചവത്സരം - 2011-12-ന് മുമ്പുള്ള അഡ്മിഷൻ), നാലാം സെമസ്റ്റർ (ത്രിവത്സരം), എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 22 (50 രൂപ പിഴയോടെ നവംബർ 23, 250 രൂപ പിഴയോടെ നവംബർ 24) വരെ അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ മേഴ്സി ചാൻസ് ഫീസായി 2000/- രൂപയും സി.വി ക്യാമ്പ് ഫീസായി 200 രൂപയും അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ടെക്നിക്കൽ അസിസ്റ്റന്റ്/ ഫീൽഡ് അസിസ്റ്റന്റ് : വാക്-ഇൻ ഇന്റർവ്യൂ 28-ന്

കേരള സർവകലാശാല കാര്യവട്ടം ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ ഫീൽഡ് അസിസ്റ്റന്റ് ഒഴിവിലേക്ക് നവംബർ 25-ന് നടത്താനിരുന്ന വാക്-ഇൻ ഇന്റർവ്യൂ നവംബർ 28 രാവിലെ 10 മണിയിലേക്ക് മാറ്റി. വിശദവിവരങ്ങൾ www.cgist.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## ബി.എഡ് പരീക്ഷാഫീസ് : തീയതി നീട്ടി

കേരള സർവകലാശാല ഡിസംബറിൽ തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് (2015 സ്കീം - റഗുലർ /സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - ദ്വിവത്സരം) പരീക്ഷയ്ക്ക് പിഴകൂടാതെ ഫീസ് അടയ്ക്കുവാനുള്ള തീയതി നവംബർ 17-ൽ നിന്ന് നവംബർ 21-ലേക്ക് മാറ്റി. 50 രൂപ പിഴയോടെ നവംബർ 24, 250 രൂപ പിഴയോടെ നവംബർ 28 വരെ ഫീസ് അടച്ച് ഓൺലൈൻ വഴി രജിസ്റ്റർ

ചെയ്യാം. സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ചെയ്തവർക്ക് രജിട്രേഷന്റെ പകർപ്പും ഫീസ് അടച്ച രസീതും സഹിതം സർവകലാശാലയിൽ സമർപ്പിക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
17.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**